LIBRARY ARCHIVES Kerala Legislative Assembly

റീച്ചിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കുകയും നിലവിലുള്ള കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ അല്ലാതെ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ആറാമത്തെ റീച്ചിന്റെ കരാറുകാരനെ പ്രവൃത്തിയിൽനിന്ന് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇനിയും പൂർത്തീകരിക്കാത്ത 4 റീച്ചുകളിലെ 2, 5 റീച്ചുകളുടെ റിവൈസ്ഡ് എസ്റ്റിമേറ്റുകൾക്ക് അംഗീകാരം ലഭിച്ചതിനുശേഷം ഓരോ റീച്ചിലേയും അത്യാവശ്യമായി ചെയ്യേണ്ടതായ പണികളെല്ലാം ഉൾപ്പെടുത്തി, നിലവിലെ നിരക്ക് (ഡി.എസ്.ആർ. -2016) പ്രകാരം സിംഗിൾ വർക്കായി പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കാൻ 29-04-2020-ൽ ചേർന്ന ടെക്നിക്കൽ കമ്മിറ്റിയിൽ തീരുമാനിച്ചു.

(ഡി) മുളക്കുളം പഞ്ചായത്തിൽ മുടങ്ങിക്കിടക്കുന്ന പദ്ധതി പണികൾ കാരണം ജനങ്ങൾ ദുരിതത്തിലായിരിക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ; കനാൽ മൂടിച്ചിട്ടിരിക്കുന്നതുമൂലം വിവിധ സ്ഥലങ്ങളിൽ അപകടാവസ്ഥ നിലനിൽക്കുന്ന സാഹചര്യം പരിഹരിക്കുന്നതിന് ജലസേചന വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മുളക്കുളം പഞ്ചായത്തിൽ മുടങ്ങിക്കിടക്കുന്ന കനാലിന്റെ അപകടാവസ്ഥ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) നവീന സാങ്കേതിക രീതി ഉപയോഗിച്ച് കാരിക്കോട് ഉപകനാൽ പൂർത്തിയാക്കുന്നതിന് മുൻഗണന നൽകുമോ?

മുൻഗണന നൽകുന്നതാണ്.

(എഫ്) കനാൽ ബണ്ട് റോഡുകൾ പലഭാഗത്തും തകർന്ന് കിടക്കുന്നത് നന്നാക്കുവാൻ നടപടി സ്വീകരിക്കുമോ; വിവിധ സ്ഥലങ്ങളിൽ പരിഗണിക്കാനുള്ള മിസ്സിംഗ് ലിങ്കിന്റെ ഭാഗങ്ങളിൽ ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ തൃപ്തികരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മിസ്സിംഗ് ലിങ്ക് ഉൾപ്പെടെ തകർന്നുകിടക്കുന്ന കനാൽ ബണ്ട് റോഡുകൾ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കുറ്റ്യാടി ഇറിഗേഷൻ കനാലുകളുടെ സംരക്ഷണം

165(5612) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കൃഷിക്കും കുടിവെള്ളത്തിനുമായി ആശ്രയിക്കുന്ന കുറ്റ്യാടി ഇറിഗേഷൻ കനാലുകളുടെ സംരക്ഷണത്തിനായി പ്ലാൻ/നോൺ പ്ലാൻ ഫണ്ട്, എസ്.ഡി.ആർ.എഫ്. ആർ.കെ.ഐ. എന്നീ

പദ്ധതികളിൽ ഉൾപ്പെടുത്തി ഓരോവർഷവും എത്ര രൂപ വീതം അനുവദിക്കുന്നുണ്ടെന്ന വിവരം ലഭ്യമാക്കുമോ?

അനുബന്ധമായി ചേർക്കുന്നു*

(ബി) 603 കി.മീ. ദൈർഘ്യം വരുന്ന കനാൽ ശൃംഖലകളുടെ അടിയന്തര അറ്റകുറ്റപ്പണികൾക്ക് ഈ തുക മതിയാകുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഇല്ല. കാലപ്പഴക്കവും ക്ഷുദ്രജീവികളുടെ ആക്രമണവുംമൂലം നിലവിലുള്ള മൺകനാലുകൾക്കും കനാൽ സ്ലക്ചറുകൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. നിലവിൽ അനുവദിക്കുന്ന തുക ഉപയോഗപ്പെടുത്തി അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾ മുൻഗണനാക്രമത്തിൽ നടത്തിവരുന്നുണ്ട്.

(സി) നിലവിൽ വകയിരുത്തുന്ന തുക മതിയാവുന്നില്ലെങ്കിൽ ആവശ്യമായ തുക അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

വടകര-മാഹി കനാൽ അപ്രോച്ച് റോഡ് നിർമ്മാണം

166(5613) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര-മാഹി കനാലിന്റെ ആദ്യ റീച്ചിലെ മൂഴിക്കൽ ലോക്ക്-കം-ബ്രിഡ്ജിലേയ്ക്കുള്ള അപ്രോച്ച് റോഡിന്റെ പ്രവൃത്തിയുടെ ടെണ്ടറിന് അംഗീകാരം നൽകിയിട്ടുണ്ടോ; ടെൻഡർ നടപടികളുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ നൽകാമോ?

ഇല്ല. ഈ പ്രവൃത്തിക്കായി 2 തവണ ടെണ്ടർ ക്ഷണിച്ചെങ്കിലും ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചിട്ടുള്ളത്. എസ്റ്റിമേറ്റിനേക്കാൾ 13.50 ശതമാനം അധികരിച്ച തുകയാണ് ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നതിനാൽ അംഗീകാരം നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) പ്രവൃത്തി പൂർത്തീകരണത്തിനാവശ്യമായ കാലയളവ് എത്രയാണെന്നും പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന തീയതി എന്നാണെന്നും അറിയിക്കുമോ?

പ്രവൃത്തിക്കായുള്ള കരാർ ഒപ്പുവച്ചുകഴിഞ്ഞാൽ 18 മാസത്തെ സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly